II.ഇ.ബി. XII--കേരള നിയമസഭ/V-11

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂലൈ 10, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

79 (*361) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) നൽകിയ മറുപടിയിൽ, കമ്പനീസ് ആക്ട് അനുസരിച്ച് 27.2.1991-ന് രജിസ്റ്റർ ചെയ്ത് 16.3.1992-ൽ ബിസിനസ് ആരംഭിച്ച കെ.ടി.ഡി.എഫ്.സി.ക്ക് 2006-07-ൽ 228.6 ലക്ഷം രൂപ ലാഭം കിട്ടുകയും അതിൽ 31.14 ലക്ഷം രൂപ ഡിവിഡന്റായി കൊടുക്കുകയും ചെയ്തുവെന്ന് സഭയെ അറിയിച്ചു. 10.3.1993 മുതൽ പൊതുജനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിച്ചുതുടങ്ങിയ കമ്പനിയുടെ അംഗീകൃത മൂലധനം 50 കോടി രൂപയും സർക്കാരിൽനിന്നും ലഭ്യമായ മൂലധനം 43.83 കോടി രൂപയുമാണ്. കമ്പനിയുടെ 100 ശതമാനം മൂലധനവും കേരള സർക്കാരിന്റേതാണ്. കെ.ടി.ഡി.എഫ്.സി.യുടെ മുഖ്യ പ്രവർത്തനലക്ഷ്യം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കമ്പനികൾക്കും പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സിക്കും വാഹനവായ്പ നൽകുകയെന്നതാണ്. പുതിയതും പഴയതുമായ വാഹനങ്ങൾ വാങ്ങുന്നതിനുള്ള വായ്പ കൂടാതെ

ഭവനവായ്പയും വ്യക്തിഗത വായ്പയും നൽകിവരുന്നുണ്ട്. കെ.എസ്.ആർ. ടി.സി.യുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കേരളത്തിന കത്തെ ഗതാഗത മേഖലയുടെ വിപുലീകരണത്തിനുംവേണ്ടി ഹ്രസ്വകാല, ദീർഘകാല വായ്പകളും നൽകുന്നുണ്ട്. കെ.ടി.ഡി.എഫ്.സി. ഓരോ വർഷവും അനുവദിക്കുന്ന വായ്പയുടെ മുഖ്യ പങ്കും കെ.എസ്.ആർ.ടി.സി. ക്കാണ് നൽകിവരുന്നത്. പ്രസ്തുത സ്ഥാപനം ഇതുവരെ 412 പേർക്ക് ഭവന വായ്പ നൽകിയിട്ടുണ്ട്. തുടക്കംമുതലേ ലാഭത്തിൽ പ്രവർത്തിക്കുന്ന കെ.ടി.ഡി.എഫ്.സി നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനാൽ എല്ലാ വർഷവും സർക്കാരിന് ലാഭവിഹിതവും ഗ്യാരന്റി കമ്മിഷനും നൽകിവരു ന്നുണ്ട്. എം.എൽ.എ.മാർക്കും, എം.പി.മാർക്കുമുള്ള ഒരു പ്രത്യേക വാഹന വായ്പാ പദ്ധതി 2003-ലും 2006 മുതലും കെ.ടി.ഡി.എഫ്.സി. നടപ്പിലാക്കിവരു ന്നു. വാഹനനിർമ്മാതാക്കളിൽനിന്നും കമ്പനിക്കു ലഭിക്കുന്ന ഡിസ്ക്കൗണ്ട് വരവ് വച്ച് കുറഞ്ഞ പലിശ നിരക്കിലാണ് വായ്പ അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ഇതുവരെ 264.49 ലക്ഷം രൂപ വാഹന വായ്പയായി നൽകിയിട്ടുണ്ട്. കെ.ടി.ഡി.എഫ്.സി.യുടെ പ്രവർത്തനമേഖല വിപുലീകരിക്കു ന്നതിന്റെ ഭാഗമായി തിരുവനന്തപുരം, ഹെഡ് ആഫീസിനുപുറമെ തിരുവല്ല, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ബ്രാഞ്ച് ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുകയും ബി.ഒ.ടി. വ്യവസ്ഥയിൽ വഴുതക്കാട് ജംഗ്ഷനിൽ ട്രാൻസ് ടവേഴ്സ് എന്ന 10 നിലകളുള്ള മന്ദിരം നിർമ്മിക്കുകയുമുണ്ടായി. ഇതിന്റെ വിജയകരമായ പൂർത്തീകരണത്തെത്തു ടർന്ന് ഒരു പൈലറ്റ് പ്രോജക്ട് എന്നനിലയിൽ അങ്കമാലി കെ.എസ്.ആർ.ടി. സി. ബസ് സ്റ്റേഷനിൽ ബി.ഒ.ടി.വ്യവസ്ഥയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് സർക്കാർ 10.5.2007-ൽ കെ.ടി.ഡി.എഫ്.സി.യെ ചുമതലപ്പെടു

ത്തിയിട്ടുണ്ട്. അത് വിജയകരമാണെന്നുകണ്ടാൽ മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഒരു നിശ്ചിത തുക ഈടാക്കിക്കൊണ്ട് ട്രാൻസ് ടവറിന്റെ ആദ്യത്തെ നില വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്നും അവരെ നിയമപരമായി ഒഴിവാക്കാൻ കഴിയുമോ എന്നത് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി. കെ.ടി.ഡി.എഫ്.സി. നൽകുന്ന വായ്പകൾ സംബന്ധിച്ച് നാലു തലത്തിലുള്ള ഓഡിറ്റുകൾ നടത്തുന്നുണ്ട്. ജീവനക്കാർക്കും മറ്റും അവരുടെ സർവ്വീസ് കാലദൈർഘ്യം പാലിക്കാതെയും മതിയായ സെക്യൂരിറ്റിയില്ലാതെയും ലോൺ കൊടുത്തതിന്റെ ഫലമായി കോടികളുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇതുസംബന്ധിച്ച് ചാനലുകളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷിച്ചപ്പോൾ മതിയായ സെക്യൂരിറ്റിയില്ലാതെ ഒരൊറ്റ ലോൺ പോലും കൊടുത്തിട്ടില്ല എന്ന വിശദീകരണമാണ് കിട്ടിയിട്ടുള്ളതെന്നും അതിനു വിരുദ്ധമായി എന്തെങ്കിലുമുണ്ടോ എന്ന് പരിശോധിക്കാമെന്നും മന്ത്രി മറുപടി നൽകി. റിസർവ്വ് ബാങ്ക് അനുശാസിക്കുന്ന രീതിയിൽ മാത്രമേ വായ്പകൾക്ക് പലിശ ഈടാക്കാൻ കഴിയുകയുള്ളൂ. എന്നാലും പരമാവധി ആനുകൂല്യങ്ങൾ വായ്പക്കാർക്ക് നൽകാനുള്ള നിർദ്ദേശങ്ങൾ കെ.ടി.ഡി.എഫ്.സി.ക്ക് നൽകുന്നതാണ്. നെഗോഷ്യേറ്റഡ് ടെന്റർ അവസാനിപ്പിച്ചുകൊണ്ട് ഓപ്പൺ ടെന്ററിലൂടെ ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ കെ.എസ്.ആർ.ടി.സി. 400 പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്. 600 പുതിയ ബസ്സുകൾകൂടി വാങ്ങുന്നതിനെ സംബന്ധിച്ച് ചർച്ചകൾ നടത്തിവരികയാണ്. ഈ വർഷം ആയിരം ബസ്സുകൾ വാങ്ങാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതുകൂടാതെ തുടർന്നുള്ള ഓരോ വർഷവും ആയിരം ബസ്സുകൾവീതം വാങ്ങി 5 വർഷം കൊണ്ട്

ആറായിരം പുതിയ ബസ്സുകൾ നിരത്തിലിറക്കി കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം വിപുലീകരിക്കാനും പുതിയ റൂട്ടുകളിൽ സർവ്വീസ് തുടങ്ങു മ്പോൾ കഴിഞ്ഞനാളുകളിൽ പരിഗണന ലഭിക്കാതിരുന്ന പ്രദേശങ്ങൾക്കും ലാഭകരമായ റൂട്ടുകൾക്കും മുഖ്യ പരിഗണന നൽകാനും ഉദ്ദേശിക്കുന്നുണ്ട്. എം.എൽ.എ ഫണ്ടുപയോഗിച്ചാണ് കെ.എസ്.ആർ.ടി.സി.യുടെ യാഡുകളും മറ്റും പുനരുദ്ധരിക്കുന്നതെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വെളിപ്പെടുത്തി.

80 (*362) <u>വാട്ടർ അതോറിറ്റിയുടെ റവന്യൂ അദാലത്ത്</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടി യിൽ, കേരള വാട്ടർ അതോറിറ്റി സംഘടിപ്പിച്ച റവന്യൂ അദാലത്തുകൾ മുഖേന ദീർഘകാലമായി നിലനിന്നിരുന്ന വാട്ടർ ചാർജ്ജിനെ സംബന്ധിച്ച ഉപഭോക്താക്കളുടെ പരാതികൾക്ക് ഒറ്റ ദിവസംകൊണ്ട് പരിഹാരം കാണുവാനും അതുവഴി കാലപ്പഴക്കം ചെന്ന വാട്ടർചാർജ്ജ് കുടിശ്ശികകൾ ഒരളവുവരെ പിരിച്ചെടുക്കുവാനും കഴിഞ്ഞുവെന്ന് സഭയെ അറിയിച്ചു. കോടതികളിൽ നിലനിന്നിരുന്ന പല കേസുകളും കോടതിക്കുപുറത്ത് തീർപ്പാ ക്കുവാനും വ്യവഹാരങ്ങളിലേയ്ക്ക് നയിക്കുമായിരുന്ന കുടിശ്ശിക സംബന്ധിച്ച പല പരാതികൾക്കും അദാലത്തുകൾ മുഖേന പരിഹാരം കാണാനും സാധിച്ചിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റി സംഘടിപ്പിച്ച റവന്യൂ അദാലത്തുകളിൽ 14 ജില്ലകളിൽനിന്നുമായി 4207 പരാതികൾ ലഭിച്ചിട്ടുണ്ട്. എല്ലാ വർഷവും ഡിവിഷൻതലത്തിൽ സ്ഥിരമായി റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ട് പരാതികൾക്ക് പരിഹാരം കാണാനും അവയ്ക്ക് വേണ്ടത്ര പ്രചരണം നൽകാനും തീരുമാനിച്ചിട്ടുണ്ട്. വ്യാവസായികാവശ്യ ങ്ങൾക്കു മാത്രമായി ഒരു ഇൻഡസ്ട്രിയൽ വാട്ടർസപ്ളൈ സ്കീം

നടപ്പിലാക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിച്ചുവരികയാണ്. അമിതമായി നടക്കുന്ന ജലചൂഷണം തടയുന്നതിന് നിയമനിർമ്മാണം നടത്തി കർക്കശമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പഴക്കം ചെന്നതും കാലഹരണപ്പെട്ടതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് വലിയ സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാൻകഴിയുന്ന കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നതാണ്. വാൽവ് ക്രമീകരിച്ച് വിവിധ സ്ഥലങ്ങളിലേയ്ക്ക് വെള്ളം ഡൈവർട്ട് ചെയ്യുന്നതിൽ ബോധപൂർവ്വമായ വീഴ്ചകൾ വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുടാപ്പുകളിൽനിന്നുള്ള കുടിവെള്ള ഉപഭോഗത്തിന് പ്രതിവർഷം പഞ്ചായത്തുതലത്തിൽ 1,750 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ 2,628 രൂപയുമാണ് ഈടാക്കുന്നത്. പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് തദ്ദേശഭരണസ്ഥാപനങ്ങളും വാട്ടർ അതോറിറ്റിയും സംയുക്തമായി പരിശോധന നടത്തി തീരുമാനിക്കുന്നതാണ്. ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് വഹിക്കാൻ തയ്യാറുള്ള ഫ്ളാറ്റുകൾ, ആശുപത്രികൾ, റെസ്റ്റോറന്റുകൾ തുടങ്ങിയവയ്ക്ക് വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് പൈപ്പ്ലൈൻ കണക്ഷൻ നൽകുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. എൽ.ഐ.സി.യുടെ സഹായത്തോടെ തുടങ്ങിയതും പൂർത്തിയാകാത്തതുമായ പദ്ധതികൾ എ.ആർ.ഡബ്ള്യു..എസ്.പി.യിൽപ്പെടുത്തി ഏറ്റെടുക്കാനുള്ള തീരുമാനമായിട്ടുണ്ട്. 2009 മാർച്ച് 31-നു മുമ്പ് ഇൻഡ്യയിലെ മുഴുവൻ ഗ്രാമപ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുക എന്നുള്ളതാണ് കേന്ദ്രഗവണ്മെന്റ് വിഭാവന ചെയ്തിട്ടുള്ള 'ഭാരത നിർമ്മാണ വീക്ഷണം' പദ്ധതിയുടെ ലക്ഷ്യം.

2010-11-ഓടെ കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടുകൂടിയുള്ള വിവിധ സ്കീമുകൾ ഉപയോഗിച്ച് സംസ്ഥാനത്തെ മുഴുവൻ ഹാബിറ്റാറ്റ്സിനെയും വാട്ടർ കവറേജിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. കെ.എസ്.ഇ.ബി.യുടെ ചുവടുപിടിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റിയിലും സ്പോട്ട് ബില്ലിംഗ് സംപ്രദായം കേരളത്തിലൊട്ടാകെ നടപ്പിലാക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. കേന്ദ്രഗവണ്മെന്റിന്റെ സാമ്പത്തികസഹായം ലഭിച്ചാൽ 14 ജില്ലകളിലും റഫറൽ ലാബുകൾ സ്ഥാപിച്ച് ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയും. ഇൻസ്റ്റിറ്റ്യൂഷനുകൾ ഉപയോഗിക്കാത്ത വെള്ളത്തിന് ചാർജ്ജ് ഈടാക്കിയ കാര്യത്തിൽ അദാലത്തുകളിൽ അപേക്ഷ കൊടുത്തിട്ടുണ്ടെങ്കിൽ അപേക്ഷാ തീയതിമുതൽ ഇതുവരെയുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഒഴിവാക്കിക്കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ ഉദാരമായ സമീപനമാണ് മന്ത്രിയും ബന്ധപ്പെട്ട വകുപ്പും സ്വീകരിച്ചിട്ടുള്ളത്. അവിടെ വാട്ടർ കണക്ഷൻ കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കെ.എസ്.ഇ.ബി. വാട്ടർ അതോറിറ്റിയോട് സഹകരിക്കുന്നതാണ്. തിരുവനന്തപുരം സിറ്റിയിൽ വാട്ടർ കണക്ഷനുവേണ്ടി അപേക്ഷിക്കുന്ന എല്ലാവർക്കും പരീക്ഷണാർത്ഥം ഏഴു ദിവസത്തിനുള്ളിൽ കണക്ഷൻ ലഭ്യമാക്കുന്ന ഒരു സ്കീം പൈലറ്റ് സ്കീം എന്നുള്ള നിലയിൽ നടപ്പിലാക്കുന്നതാണെന്നും ജൂലൈ 17-ാം തീയതി അതിന്റെ ഔപചാരിക ഉൽഘാടനം നടത്തുന്നതാണെന്നും റോഡുകൾ വെട്ടിമുറിച്ചുള്ള പണി മുൻകൂറായി നടത്തിയിട്ട് പിന്നീട് പി.ഡബ്ള്യു.ഡി.ക്ക് പണം നൽകുന്നതിനുള്ള സംവിധാനത്തെ

ക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വെളിപ്പെടുത്തി.

81 (*363) <u>അധികാര വികേന്ദ്രീകരണം</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും കൈമാറിയിട്ടുള്ളതുമായ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നുണ്ടെങ്കിലും പൂർണ്ണമായി നടപ്പാക്കുന്നതിന് ചില തടസ്സങ്ങൾ ഇപ്പോഴും നില നിൽക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധ ചുമതലകൾ നിർവ്വഹിക്കത്തക്ക രീതിയിൽ മതിയായ ഉദ്യോഗസ്ഥരുടെ അഭാവം ഉണ്ട്. പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള ചുമതലകൾ നടപ്പിലാക്കാനാവശ്യമായ ജീവനക്കാരുടെ സേവനം പൂർണ്ണമായും ഫലപ്രദമായും ലഭ്യമായിട്ടില്ലാത്തതിനാലും വകുപ്പുകൾ തമ്മിലുള്ള സമന്വയം പൂർണ്ണമായിട്ടില്ലാത്തതിനാലും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ പ്രാപ്യമായിട്ടില്ല. വിവിധ വകുപ്പുകളിൽനിന്നും വിന്യസിക്കപ്പെട്ട ജീവനക്കാർ ലീവെടുത്തു പോകുന്നതുസംബന്ധിച്ച് ആലോചിച്ച് അടിയന്തിരമായി വേണ്ട നടപടി സ്വീകരിക്കുന്നതാണ്. 2000-ൽ വിന്യസിക്കപ്പെട്ടവരുടെ എണ്ണം 2003-ൽ കുറച്ചിട്ടുണ്ട്. നിലവിലുള്ള പഞ്ചായത്ത്രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലും ചട്ടങ്ങളിലും ഇതിനനുസൃതമായ ഭേദഗതികൾ വരുത്തുന്നതിനും ആവശ്യമായ ചട്ടങ്ങളും നിയമങ്ങളും പൂർത്തിയാക്കുന്നതിനും സാധിച്ചിട്ടില്ല. ധനവിനിയോഗവുമായി ബന്ധപ്പെട്ട കൃത്യതയുള്ള അക്കൗണ്ടിംഗ് പരിശോധന സംവിധാനം ഇനിയും നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചായത്തുകൾ നടപ്പാക്കിവരുന്ന

വികേന്ദ്രീയാസൂത്രണ പ്രക്രിയകളിൽ പൊതുജനപങ്കാളിത്തം പൂർണ്ണരീതിയിൽ ഉറപ്പാക്കാനും പദ്ധതികളുടെ നടത്തിപ്പിൽ ജില്ലാ ആസൂത്രണം ഫലപ്രദമാക്കാനും ശ്രമിച്ചുവരുന്നതേയുള്ളൂ. കേന്ദ്രപദ്ധതികൾ, സംസ്ഥാനപദ്ധതികൾ ജില്ലാ/ബ്ളോക്ക്/ഗ്രാമതല പദ്ധതികൾ ഇവയുടെ സംയോജനം ഉറപ്പാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ പരിപൂർണ്ണമായ വിലയിരുത്തലിനുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കാനും പഞ്ചായത്തുകളുടെ ചുമതലകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ തസ്തികകളെ സംബന്ധിച്ച് സി.എം.ഡി (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്) നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. വിന്യസിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം അടിയന്തിരമായി ലഭ്യമാക്കുവാനും ജോലിക്ക് ഹാജരാകാത്തപക്ഷം ശിക്ഷണനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പതിനൊന്നാം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൈമാറിയ സ്ഥാപനങ്ങളും പഞ്ചായത്തുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ്, പദ്ധതി രൂപീകരണം, ധനവിഭവ സമാഹരണം, മോണിറ്ററിംഗ് സംവിധാനം, ജനപങ്കാളിത്തം, ഓഫീസ് സംവിധാനം മെച്ചപ്പെടുത്തൽ, ജില്ലാ പ്ളാനിംഗ് ഇവയ്ക്ക് മുൻഗണന നൽകുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടത്തിപ്പിന് ഉതകുമാറ് സ്റ്റോർ പർച്ചേഴ്സ് മാന്വൽ, അക്കൗണ്ട് ആന്റ് ആഡിറ്റ് മാന്വൽ, പി.ഡബ്ള്യു.ഡി മാന്വൽ തുടങ്ങിയവ ഉണ്ടാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഈ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും നിലവിലുള്ള നിയമത്തിലെ പരിമിതികളും ആവശ്യകതയും കണക്കിലെടുത്ത് ചട്ടങ്ങളും നിയമങ്ങളും ഉണ്ടാക്കുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനും

ശ്രീ.വി.ജെ.തങ്കപ്പൻ ചെയർമാനായി രൂപീകരിച്ചിട്ടുള്ള കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമായി നടന്നുവരുന്നു. കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ 2007. കേരള പഞ്ചായത്ത്രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2007. എന്നീ ചട്ടങ്ങളുടെ കരട് പരിശോധന നടത്തി സമർപ്പിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പഞ്ചായത്തിനു കൈമാറിയ അധികാരങ്ങൾ ഫലപ്രദ മായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം ഒരു ക്കണമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

82 (*365) ദേശസാൽക്കൃത റൂട്ടുകളിലെ യാത്രാക്ളേശം പരിഹരിക്കുന്നതിന് നടപടി

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ദേശസാൽക്കൃത റൂട്ടുകളിലെ യാത്രാക്ളേശം പരിഹരിക്കുന്നതിനും യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസംവിധാനം നൽകുന്നതിനും ഈ മേഖലയിലെ ഷെഡ്യൂളുകളും ട്രിപ്പുകളും പുന:ക്രമീകരണം നടത്തിവരികയാണെന്ന് അറിയിച്ചു. കൂടാതെ ചെയിൻ സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമായി നടത്തി യാത്രാക്ളേശം പരിഹരിക്കുന്നതിനുള്ള നടപടികളും നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം വഹിക്കുന്നതിന് ഓരോ ജില്ലയിലേയും കോ-ഓർഡിനേറ്റിംഗ് ഓഫീസർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

83 (*377) <u>കേരള ബുക്ക്സ് ആന്റ് പബ്ളിക്കേഷൻ സൊസൈറ്റി</u>

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, അച്ചടി വകുപ്പിന്റെ കീഴിലുള്ള കേരള ബുക്ക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റി കേരളത്തിലെ സ്കൂളുകൾ ക്കാവശ്യമായ പാഠപുസ്തകങ്ങളാണ് മുഖ്യമായും അച്ചടിക്കുന്നതെന്നറിയിച്ചു. കൂടാതെ ഭാഗ്യക്കുറി ടിക്കറ്റുകൾ, ഫാം ഇൻഫർമേഷൻബ്യൂറോ, നികുതി, പി.ആർ.ഡി. തുടങ്ങിയ സർക്കാർ വകുപ്പുകൾക്കാവശ്യമായ ലഘുലേഖകൾ, പോസ്റ്ററുകൾ, പുസ്തകങ്ങൾ, സ്റ്റാറ്റ്യൂട്ടറി ഫോറങ്ങൾ തുടങ്ങിയവയും അച്ചടിച്ചുനൽകുന്നുണ്ട്. ഈ വർഷം സ്കൂളുകളിലേയ്ക്ക് ആവശ്യമായ പുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കുന്നതിന് പേപ്പറിന്റെ ദൗർലഭ്യംമൂലം നേരിയ കാലതാമസം നേരിട്ടുവെങ്കിലും അച്ചടിക്ക് ഓർഡറുകൾ ലഭിച്ച മുറയ്ക്ക് അവ അച്ചടിച്ച് നൽകിവരുന്നുണ്ട്. സൊസൈറ്റിക്ക് പുതിയ അച്ചടിയന്ത്രങ്ങൾ വാങ്ങുന്നതിനായി സൊസൈറ്റിയുടെ ഫണ്ടിൽ നിന്നും തുക ചെലവാക്കണമെന്ന വ്യവസ്ഥയിൽ 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് കോടി രൂപയുടെ മറ്റ് ചില നവീകരണ പദ്ധതികളും സൊസൈറ്റി ആവിഷ്ക്കരിച്ചുവരുന്നു. പുതിയ അച്ചടിയന്ത്രങ്ങൾ വരുന്നതോടുകൂടി കൂടുതൽ അച്ചടി ജോലികൾ സൊസൈറ്റിക്ക് ഏറ്റെടുത്ത് നടത്താൻ കഴിയും.

84 (*388) <u>ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ആയുർവ്വേദ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന 1255 യൂണിറ്റുകൾ നിലവിലുണ്ടെന്നറിയിച്ചു. ആയുർവ്വേദ ഔഷധങ്ങൾ നിർമ്മിച്ച്

വിപണിയിലിറക്കുന്നതിനുമുമ്പ് ഇവ ആയുർവ്വേദ ഫാർമക്കോപ്പിയയിൽ നിർവ്വചിക്കപ്പെട്ടപ്രകാരം ഗുണനിലവാരമുള്ള താണെന്ന് സ്വന്തം ലബോറട്ടറിയിലോ സർക്കാർ ലബോറട്ടറിയിലോ സർക്കാർ അംഗീകൃത ലബോറട്ടറിയിലോ പരിശോധന നടത്തിയശേഷം ഉറപ്പുവരുത്തേണ്ടത് ഔഷധ നിർമ്മാതാക്കൾ തന്നെയാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആയുർവ്വേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച് സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ഗുണനിലവാര പരിശോധന നടത്തിവരുന്നു. വളരെയധികം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഈ മേഖലയിൽ ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്ന ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

130 (2818) <u>അനധികൃത നിർമ്മാണം തടയുന്നതിന് നടപടികൾ</u>

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കണ്ടെത്തിയ 3115 അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 381 മുതൽ 409 വരെയുള്ള സെക്ഷനുകളിൽ പറഞ്ഞിട്ടുള്ള പ്രകാരവും 1999-ലെ കേരള ബിൽഡിംഗ് റൂൾസിൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരവും കർശനനടപടി സ്വീകരിക്കുന്നതാണ്. ഇതിനുവേണ്ടി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരടങ്ങിയ സ്ക്വാഡും എല്ലാ കോർപ്പറേഷനുകളിലും ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന നഗരസഭകളിലും പ്രിവന്റീവ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.

131 (2855) <u>സാമൂഹ്യ-സാമ്പത്തിക,പിന്നോക്ക ജില്ലകൾക്കുള്ള കേന്ദ്രപദ്ധതി</u>

ന്യൂനപക്ഷ ജനസംഖ്യ കൂടിയതും സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളതുമായ ജില്ലകളുടെ വികസനത്തിന് പ്രത്യേക ഊന്നൽ നൽകുന്നതിന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ആവിഷ്ക്കരിച്ചിട്ടുള്ള Minority Concentration District (MCD) പദ്ധതിയിൽ കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകൾ ഉൾപ്പെട്ടിട്ടുണ്ട്.

132 (2895) <u>ഗവണ്മെന്റ് പ്രസ്സിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ</u>

ഗവണ്മെന്റ് പ്രസ്സിൽ നിലവിൽ 278 തസ്തികകളിൽ ഒഴിവുണ്ട്.

133 (2977) <u>റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ</u>

പ്രതിവർഷം 3800-ലധികം ഔഷധ സാമ്പിളുകൾ സംസ്ഥാ നത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരിശോധിക്കാറുണ്ട്.

134 (2996) <u>ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പ്രധാന ജലസ്രോതസ്സുകളിൽ തടയണ നിർമ്മാണം, ഓരുവെള്ളം കയറാതിരിക്കുന്നതിന് സ്ഥിരവും താൽക്കാലികവുമായ ബണ്ടുകളുടെ നിർമ്മാണം, വ്യവസായശാലകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള നിയന്ത്രണം, മണൽവാരൽ നിയന്ത്രണം എന്നിവകൂടാതെ സംസ്ഥാനത്തെ എല്ലാ നദീതടങ്ങളുടെയും സമഗ്രവികസനവും മാനേജ്മെന്റും ലക്ഷ്യമിട്ട് റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾക്കായി കേന്ദ്ര ഗവണ്മെന്റ് അംഗീകാരം നൽകിയ 'ഫാർമേഴ്സ് പാക്കേജ്' പ്രോഗ്രാമിൽ പ്പെടുത്തി നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് 2006-09 വരെ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം എന്ന സ്കീം 'കാഡ'യുടെ കീഴിൽ അനുവദിച്ചിട്ടുണ്ട്. ഇതിനായി നിയമ നിർമ്മാണം നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

***9.7.2007-ലേയ്ക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

135 (331) ഐ.ടി.ഐ.കൾ 'മികവിന്റെ കേന്ദ്ര'ങ്ങളാക്കാനുള്ള പദ്ധതി

കേന്ദ്രാവിഷ്ക്കൃത പദ്ധതിയായ സെന്റേഴ്സ് ഓഫ് എക്സലൻസ് പ്രകാരം 2005-06-ൽ . ചാക്ക, ചന്ദനത്തോപ്പ്, . ഏറ്റുമാന്നൂർ, കളമശ്ശേരി, ചാലക്കുടി എന്നിവിടങ്ങളിലെ ഐ.ടി.ഐ.കളും 2006-07-ൽ ധനുവച്ചപുരം, പള്ളിക്കത്തോട് എന്നിവിടങ്ങളിലെ ഐ.ടി.ഐ.കളും കൊല്ലത്തെ വനിതാ ഐ.ടി.ഐ.യും 'മികവിന്റെ കേന്ദ്ര'ങ്ങളാക്കി മാറ്റുകയുണ്ടായി. 2007-08-ൽ 13 ഐ.ടി.ഐ.കൾ കൂടി 'മികവിന്റെ കേന്ദ്ര'ങ്ങളാ ക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവണ്മെന്റിന്റെ അനു മതിക്കായി സമർപ്പിച്ചിട്ടുണ്ട്. 'മികവിന്റെ കേന്ദ്ര'ങ്ങളാക്കി മാറ്റുന്ന ഓരോ ഐ.ടി.ഐ.യ്ക്കും 1,60,00,000 രൂപ വീതം ഗ്രാന്റായി ലഭിക്കുന്നതാണ്.

---

* മുൻപ്രധാനമന്ത്രി എസ്. ചന്ദ്രശേഖറുടെ നിര്യാണം സംബന്ധിച്ച് 9.7.2007-ന് ചോദ്യോത്തരവേള റദ്ദ് ചെയ്തതിനാൽ അന്നേയ്ക്ക് നിശ്ചയിച്ചിരുന്ന 'നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ' 'നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ' എന്ന നിലയിൽ ചേർത്തിരിക്കുന്നു.

136 (334) <u>കോമൺ ഇന്റഗ്രേറ്റഡ് പോലീസ് ആപ്ളിക്കേഷൻ പദ്ധതി</u>

'സിപ്പ്' (കോമൺ ഇന്റഗ്രേറ്റഡ് പോലീസ് ആപ്ളിക്കേഷൻ) എന്ന കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പദ്ധതിയുടെ ഒന്നാം ഘട്ടം സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ 44 പോലീസ് സ്റ്റേഷനുകളിലും രണ്ടാം ഘട്ടം കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ 136 പോലീസ് സ്റ്റേഷനുകളിലുമാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നത് കേന്ദ്ര ഗവണ്മെന്റിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക് സെന്റർ ആണ് ഇതിനായി കേന്ദ്ര ഗവണ്മെന്റിൽ നിന്നും 2007-08-ൽ 2.31 കോടി രൂപ സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നു 'സിപ്പ്' നടപ്പാക്കുന്ന തോടുകൂടി സംസ്ഥാനതലത്തിലും ദേശീയതലത്തിലും കുറ്റങ്ങളുടെയും കുറ്റവാളികളുടെയും ഒരു 'ഡാറ്റാബാങ്ക്' ഉണ്ടാക്കിയെടുക്കാനും പോലീസിന്റെ പൊതുവിലുള്ള പ്രകടനം മെച്ചപ്പെടുത്താനും കഴിയും.

137 (341) <u>കള്ള നോട്ടുകൾ</u>

സംസ്ഥാനത്ത് കള്ളനോട്ട് പ്രചരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ അത് കണ്ടുപിടിക്കുന്നതിന് പോലീ സിൽ പ്രത്യേക ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. വിദേശ നിർമ്മിതവും അല്ലാത്തതുമായ കള്ളനോട്ടുകൾ എത്തുന്നതും വിതരണം ചെയ്യുന്നതും തടയുന്നതിനായി നിലവിലുള്ള നിയമ വ്യവസ്ഥയനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ ക്രൈംബ്രാഞ്ച് യൂണിറ്റിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളായി തിരിച്ച് ക്രൈം

ബ്രാഞ്ചിലെതന്നെ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ കള്ള നോട്ടുകൾ കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നവർക്കെതിരെ കേസെടുത്ത് അന്വേഷിക്കുന്നതിനും പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. 2007 ജനുവരി 1 മുതൽ 30.6.2007 വരെ ഈയിനത്തിൽ രജിസ്റ്റർ ചെയ്ത 21 കേസുകൾ ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തിലാണ്.

138 (348) <u>'ഉൽസവം' പരിപാടി</u>

അന്യം നിന്നുപോകുന്ന കേരളീയ പരമ്പരാഗത-തനത് കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കുകയും അവയ്ക്ക് വേണ്ടത്ര അവസരങ്ങൾ നൽകുകയും ചെയ്യുക, ഇത്തരം കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് സാമ്പത്തിക നേട്ടം ലഭ്യമാക്കുക, കേരളീയ പാരമ്പര്യവും പൈതൃകവും അന്യമായിക്കൊണ്ടിരിക്കുന്ന പുതുതലമുറയ്ക്ക് അവയെക്കുറിച്ച് പുതിയൊരു അവബോധം സൃഷ്ടിക്കാൻ സഹായിക്കുക, സാംസ്കാരിക ടൂറിസം പ്രോൽസാഹിപ്പിച്ച് കേരളത്തിന്റെ പൈതൃകത്തനിമ ലോകമെമ്പാടും എത്തിക്കുക എന്നീ ലക്ഷ്യ ങ്ങളോടെ നടത്തുന്ന 'ഉൽസവം' പരിപാടികൾ എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെടുന്ന കേന്ദ്രങ്ങളിൽ മുൻകൂട്ടി നിശ്ചയിക്കുന്ന ദിവസങ്ങളിലും സമയത്തും സംഘടിപ്പിക്കുന്നതാണ്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ഗവണ്മെന്റിതര സാമൂഹിക-സാംസ്കാരിക സംഘടനകൾ, ടൂറിസം ക്ളബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയാണ് 'ഉൽസവം' പരിപാടികൾ സംഘടി പ്പിക്കുന്നത്.

139 (350) വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം

സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന്റെ ഭാഗമായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കെട്ടിക്കിടക്കുന്ന പഴക്കംചെന്ന വിജിലൻസ് കേസുകളുടേയും വിജിലൻസ് അന്വേഷണങ്ങളുടേയും പുതിയ കേസുകളുടേയും അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനും സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി അഞ്ച് വർഷത്തിലധികം പഴക്കമുള്ള വിജിലൻസ് കേസുകളുടെ എണ്ണം കുറയ്ക്കുന്നുതിനു കഴിഞ്ഞിട്ടുണ്ട്. 497 വിജിലൻസ് കേസുകൾ ഇപ്പോൾ വിജിലൻസ് വകുപ്പിന്റെ പരിഗണനയിലുണ്ട്. താരതമ്യേന അഴിമതി കൂടുതലുള്ള വകുപ്പുകളിൽ വകുപ്പുതല വിജിലൻസ്വിഭാഗം ശക്തിപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് കോടതിയിൽ വിചാരണയിലുള്ള കേസുകളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി രണ്ട് പുതിയ വിജിലൻസ് കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## 9.7.2007-ലേയ്ക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

140 (2595) വനിതാ കോൺസ്റ്റബിൾമാർ

കേരള പോലീസിൽ ഇപ്പോൾ 10 ശതമാനം വനിതാ കോൺസ്റ്റബിൾമാരുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 277 വനിതാ കോൺസ്റ്റബിൾമാരെ നിയമിച്ചിട്ടുണ്ട്.

141 (2619) തുറന്ന ജയിലുകൾ

2006 സാമ്പത്തികവർഷം തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരിയിലേയും കാസർഗോഡ് ജില്ലയിലെ ചീമേനിയിലേയും തുറന്ന ജയിലുകളിലെ ഭക്ഷണാവശ്യത്തിനായി 6,88,27,364 രൂപയും വസ്ത്രം, മരുന്ന്, കൂലി, എന്നിവയ്ക്കായി 2,94,57,711 രൂപയും ചെലവായിട്ടുണ്ട്. ജയിലുകളിൽ തടവുകാർ തമ്മിൽ സംഘട്ടനം നടന്ന ഒരു സംഭവം കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓരോ ജയിലിന്റേയും അംഗീകൃത പാർപ്പിടസൗകര്യമനുസരിച്ച് പാർപ്പിക്കുന്ന തടവുകാരുടെ എണ്ണം നിജപ്പെടുത്തിയും തടവുകാരുടെ ബാഹുല്യം പരിഹരിക്കുന്നതിനായി പുതിയ ജയിലുകൾ നിർമ്മിച്ചും പെരിഫറൽ സെക്യൂരിറ്റിക്ക് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചും വെബ്ബ് ക്യാമറകൾ സ്ഥാപിച്ചും തടവുകാരുടെമേൽ കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയും തടവുകാർ തമ്മിലുള്ള സംഘട്ടനവും അച്ചടക്കരാഹിത്യവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

142 (2632) വില്ലേജ് ടൂറിസം വികസിപ്പിക്കുന്നതിന് പദ്ധതികൾ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ടൂറിസം വികസിപ്പിക്കുന്നതിന് 'എന്റെ ഗ്രാമം ടൂറിസം സൗഹൃദഗ്രാമം' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ടൂറിസം സാദ്ധ്യതയുള്ള ഗ്രാമങ്ങളുടെയും പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെയും വികസന ത്തിനായുള്ള മേഖലകളിൽ സംയുക്തസംരംഭമായാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

143 (2651) കേരള ഹൗസുകൾ

സംസ്ഥാനത്തിനു പുറത്ത് ന്യൂഡൽഹിയിലും കന്യാ കുമാരിയിലും കേരള ഹൗസുകൾ പ്രവർത്തിച്ചുവരുന്നു. പുതുതായി പണി പൂർത്തിയായിട്ടുള്ള മുംബെയിലെ കേരള ഹൗസിന്റെ നിയന്ത്രണം ടൂറിസം വകുപ്പിനാണ്. ചെന്നൈയിലെ കേരള ഹൗസ് ഹോട്ടൽ കോംപ്ളക്സ് നിർമ്മിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും കെ.ടി.ഡി.സി.യാണ്.

144 (2691) കൊപ്ര സംഭരണം

2007-ൽ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 3620 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 3870 രൂപയുമാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കൊപ്ര സംഭരിക്കാൻ ഈ സീസണിൽ സംസ്ഥാനതല നോഡൽ ഏജൻസികളായി സർക്കാർ നിയോഗി ച്ചിട്ടുള്ള കേര ഫെഡ്ഡും മാർക്കറ്റിംഗ് ഫെഡറേഷനും 30.6.2007 വരെ 6756.74 ക്വിന്റൽ മില്ലിംഗ് കൊപ്രയും 1486.08 ക്വിന്റൽ ഉണ്ട കൊപ്രയും സംഭരിച്ചു.

145 (2715) തോട്ടം തൊഴിലാളികളുടെ ലയങ്ങൾ

സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടംതൊഴിലാളികളുടെ ലയങ്ങൾ പലതും വാസയോഗ്യമല്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രതിസന്ധി ഏറ്റവും രൂക്ഷമായിരുന്ന പീരുമേട് മേഖലയിൽ ലയമൊന്നിന് 200 രൂപ വച്ച് 4500 ലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 90 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന മറ്റ് തോട്ടങ്ങളിലെ ലയങ്ങളിലും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഇപ്രകാരം ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

146 (2720) <u>ക്ഷേമ പദ്ധതികൾ</u>

ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി ആഭരണത്തൊഴിലാളികൾക്കും ചെറുകിട തോട്ടം തൊഴിലാളികൾക്കും ക്ഷേമനിധി രൂപീകരിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്. മരം കയറ്റത്തൊഴി ലാളികൾക്ക് ക്ഷേമപദ്ധതി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കുമായി '2007-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി നിയമം' നടപ്പിലാക്കിയതിന്റെ ഫലമായി ഏകദേശം 10 ലക്ഷം തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.

147 (2723) <u>തയ്യൽത്തൊഴിലാളി ക്ഷേമനിധി</u>

സംസ്ഥാനത്ത് തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽ 388973 പേർ അംഗത്വമെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം ഇതിൽ 13236 അംഗങ്ങൾക്ക് വിവിധയിനങ്ങളിലായി പുതുതായി ആനുകൂല്യം നൽകിയിട്ടുള്ളതുകൂടാതെ 8149 പെൻഷൻകാർക്ക് കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്തിട്ടുമുണ്ട്.